പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4603 — 23.07.2015-ൽ മറുപടിയ്ക്ക്

# ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി (DDUGJY) യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | 24x7 വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതി പ്രസരണ/വിതരണ നഷ്ടം കുറയ്ക്കുക (AT&C loss) എന്നിവയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡിഡിയുജിജെവൈ) യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഗ്രാമ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. BPL കണക്ഷനുകൾ, അനുബന്ധ ഉപ പ്രസരണ-വിതരണ ശൃംഖലയുടെ നിർമ്മാണം (66/33KV സബ്സ്റ്റേഷൻ, 66/33/11 കെ.വി. ലൈനുകൾ. എൽ.റ്റി. ലൈനുകൾ, ട്രാൻസ് ഫോർമറുകൾ തുടങ്ങിയവ), മീറ്ററിംഗ് (ട്രാൻസ് ഫോർമർ, ഫീഡർ മീറ്ററുകൾ സ്ഥാപിക്കൽ, കേടായ മീറ്റർ/ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാറ്റി വയ്ക്കൽ) സൻസദ് ആദർശ് ഗ്രാമ യോജന പദ്ധതിയിൽപ്പെടുത്തി ലോകസഭാ/രാജ്യസഭാ അംഗങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഡിഡിയുജിജെവൈയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി തുകയുടെ 60% കേന്ദ്ര സർക്കാർ ഗ്രാന്റും, 10% വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ വിഹിതവും 30% ലോണും ആണ്. |
| (ബി) | ഡി. ഡി. യു. ജി. ജെ. വൈ പദ്ധതി അസംബ്ളി നിയോജക മണ്ഡല അടിസ്ഥാനത്തിലാണോ നടപ്പാക്കുന്നതെന്നും ഇതിനായി സംസ്ഥാനത്തിന് ആകെ എത്ര | (ബി) | പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് മൊത്തം 1720 കോടി രൂപയുടെ വിശദപദ്ധതി രേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ |

കോടി രൂപയാണ് അനുവദിക്കുന്ന തെന്നും ഓരോ നിയോജക മണ്ഡ ലത്തിലും എത്ര തുക വീതം ചെല വഴിക്കപ്പെടുമെന്നും വ്യക്തമാ ക്കുമോ ;

(REC) അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുക REC ഇതുവരെ അംഗീകരിച്ച് നൽ കിയിട്ടില്ല. അതിനാൽ ഓരോ ജില്ലയിൽ/മണ്ഡ ലത്തിൽ എത്ര തുക വീതം ചെലവഴിക്കാനാകു മെന്ന് ഇപ്പോൾ കണക്കാക്കാ നാവില്ല.

(സി) മേൽ പ്രസ്താവിച്ച പദ്ധതിയുടെ കാലാവധിയും നടത്തിപ്പും സംബ ന്ധിച്ച വിശദാംശങ്ങൾ വ്യക്തമാ ക്കുമോ ;

(സി) 2 വർഷമാണ് പദ്ധതി കാലാവധി. കേന്ദ്ര ഊർജ്ജ മന്ത്രാലയ മോണിറ്ററിംഗ് കമ്മിറ്റി തീരുമാന പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഗ്രാമപ്രദേശങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഡി. ഡി. യു. ജി. ജെ . വൈ പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗി ക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ ?

(ഡി) ബി.പി.എൽ. കണക്ഷനുകൾ നൽകുവാൻ ഈ പദ്ധതിയിൽ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ.**